**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2063** **01-09-2022 - ൽ മറുപടിയ്ക്ക്**

**സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ചികിത്സാ ധനസഹായ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിച്ച വരുന്നത്; വ്യക്തമാക്കാമോ; | (എ) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ ചികിത്സാ ധനസഹായ പദ്ധതിയിൻ കീഴിൽ ചുവടെചേർക്കുന്ന രോഗങ്ങൾക്കാണ് ധനസഹായം അനുവദിച്ചിരുന്നത്.<br><br>1) മസ്തിഷ്ക ശസ്ത്രക്രിയ<br><br>2)ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ<br><br>3)വൃക്ക, കരൾ മാറ്റിവയ്ക്കൽ<br><br>4)പേസ് മേക്കർ സ്ഥാപിക്കൽ<br><br>5) ആൻജിയോപ്ലാസ്റ്റി<br><br>6) ക്യാൻസർ<br><br>7)ഡയാലിസിസ്<br><br>8) ട്യൂമർ റിമൂവൽ<br><br>9)അസ്ഥി സംബന്ധമായ ശസ്ത്രക്രിയ, റിസക്ഷനും പ്രോസ്റ്റസിസും, ലംബാർ തൊറാസിക് വെർട്ടിബ്രൽ അസ്ഥി കളിലെ ട്യൂമർ, കാൽമുട്ട് മാറ്റിവയ്ക്കൽ<br><br>10) സിക്കിൾ സെൽ അനീമിയ<br><br>11) ഗില്ലൻബാരി സിൻഡ്രോം<br><br>12) ഹിപ്പ് റീപ്ലേസ് മെന്റ് സർജ്ജറി<br><br>13) ഹിസ്റ്ററക്ടമി<br><br>14) വന്ധ്യതാ ചികിത്സാ<br><br>15) ക്രോണിക് ലിവർ ഡിസീസ് |
| (ബി) | കഴിഞ്ഞ മൂന്ന വർഷക്കാലയളവിൽ പ്രസ്തുത ചികിത്സാ ധനസഹായത്തിനായി എത്ര | (ബി) | അനുബന്ധമായി ചേർക്കുന്നു |

| | | | |
|---|---|---|---|
| | അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു; ആകെ അനുവദിച്ച തുക; എത്ര അപേക്ഷകൾ നിരസിച്ചു; വിശദമാക്കാമോ; | | |
| (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ 2022 ബജറ്റിൽ നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാച്ചിംഗ് ഗ്രാന്റായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | വർഷം | ലഭിച്ച ആകെ അപേക്ഷകൾ | നിരസിച്ചത് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 2019-20 | 2180 | 1520 | 660 | 3,04,58,853 |
| 2 | 2020-21 | 2500 | 1360 | 1140 | 4,97,56,180 |
| 3 | 2021-22 | 1515 | 433 | 1082 | 4,97,99,650 |
| | | **6195** | **3313** | **2882** | **13,00,14,683** |

സെക്ഷൻ ഓഫീസർ